
# ആശുപത്രി


**ഫസൽ തേഞ്ഞിപ്പലം**
**പൂർവ്വ വിദ്യാർത്ഥി**

*ഇതൊരു ഫാക്ടറിയാണ്*
*ഇവിടെ ഞങ്ങൾ*
*മനുഷ്യനിൽ നിന്നും*
*ആത്മാവ് പിഴുതുമാറ്റി*
*ശുദ്ധീകരിച്ച്-തണുപ്പേല്പിച്ച്*
*വായു ഭദ്രമായി പാക്കുചെയ്ത്*
*സ്വർഗരാജ്യത്തേക്ക്*
*കയറ്റുമതി ചെയ്യുന്നു..*
*ഇതൊരു ഫാക്ടറിയാണ്*
*ഇവിടെ ഞങ്ങൾ*
*മികവുറ്റ തലകളുള്ളവരെയും*
*കനമുള്ള കീശകളുള്ളവരെയും*
*തിരഞ്ഞെടുത്ത്*
*കഴിവുറ്റ അറവുകാരാക്കി മാറ്റി*
*നിറമുള്ള ബിരുദങ്ങൾ നൽകുന്നു.*



# എന്റെ ഷില്ലിയ്ക്ക്

സവിത. ജി. ഒന്നാം വർഷ ബിഎ ഇംഗ്ലീഷ്



ഷില്ലീ, നിന്നെ എനിക്കിഷ്ടമാണ്
നിന്റെ കണ്ണിൽ വിടരുന്ന സ്വപ്നങ്ങളും
നിന്റെ പാട്ടിൽ അലിഞ്ഞുചേരുന്ന
വിഷാദത്തിന്റെ താളവും എനിക്കിഷ്ടമാണ
നിന്റെ പടിപ്പുരവാതിലിലൂടെ
ആരൊക്കെയോ
ഹംസഗാനവും പാടിയിറങ്ങുമ്പോൾ
നിന്റെ അകത്തളത്തിലെവിടെയോ
തേങ്ങലുകൾ ജനിച്ചുമരിക്കുമ്പോൾ
നിന്നെ ഞാൻ കൂടുതലിഷ്ടപ്പെട്ടുപോകുന്ന
മനസിന്റെ ചുവരുകളെ അലങ്കരിക്കാൻ
ഒരുചിത്രം കൂടിതന്ന്
ഹൃദയത്തിന്റെ പൂക്കൂടയിലേക്ക്
കുറേ ശോകപുഷ്പങ്ങളെകൂടിതന്ന്
നീ വിടപറയുമ്പോഴും ഷില്ലി,
നിന്നെ, നിന്റെ അനിവാര്യതയെ
ഞാനിഷ്ടപ്പെട്ടുപോകുന്നു.

# If You Like

**SHAHABAS MUHSIN ASLAM C.**
**II[nd] BBS**

*If you like to think,*

*Think about God;*

*If you like to help*

*Help the needy*

*If you life to love*

*Love hour neighbours*

*If you like to reject*

*Reject your jealousy*

*If you like to laugh*

*Laugh at your foolishness*

*If you like to practise*

*Practise truth and honesty*

*I you like to have*


*Have self confidence*

*I you like to build*

*Build our character*

*If you like to die*

*Die for the sake of your mother land*



# നീയും ഞാനും

ജഹർബാൻ എ.എം ഒന്നാം വർഷ പ്രീഡിഗ്രി

നീയും ഞാനും പ്രണയ വുമെന്നതിൽ നിന്നും
പ്രണയം വ്യർത്ഥമാകുമ്പോഴുണരും മൃഗീയത
നമ്മളതിന്നർത്ഥങ്ങൾ കല്പ്പിക്കുന്നുവെങ്കിലും
ഇതെല്ലാം നിശ്ശബ്ദതയുടെ വെറും തേങ്ങലുകൾ മാത്രം

ഒന്നിൽനിന്നും മറ്റൊന്നിലേക്ക്
മുന്നിൽനിന്നും മുന്നിലേക്ക്
ഒന്നും മിണ്ടാതെ നീ യാത്രയാവുമ്പോൾ
നഷ്ടമാവുന്നത് പ്രണയത്തിന്റെ ജീവനാണ്

നീയും ഞാനും കൈപിടിക്കുമ്പോൾ
നഷ്ടമാവുന്നത് മനസ്സുകളുടെയന്തരം
പിന്നിടാനുണ്ട് നമുക്കൊരു നീണ്ടവഴി
സ്വപ്നങ്ങൾക്കിടമില്ലാത്തൊരിടവഴി

വസന്തങ്ങളില്ലാത്ത ജീവിതത്തിനും
നഷ്ടമാവുന്ന പ്രണയത്തിനും
കൊഴിഞ്ഞുപോകുന്ന ജീവിതത്തിനും
ഒരിറ്റുമൂല്യംപോലും കൽപ്പിക്കാത്തവരൾച്ചയുടെ വഴി




ഞാൻ

# കുമ്പസാരിക്കട്ടെ.......

ആബിദ്
രണ്ടാം വർഷ ബി.എസ്.സി, കെമിസ്ട്രി

കുടിലുകളിലുയരുന്നത്
പ്രതീക്ഷയുടെ അവസാന കാമ്പും
നഷ്ടപ്പെട്ടലയുന്ന
അമ്മമാരുടെ രോദനങ്ങളാണ്
ആരോ പെരുവഴിയിലെറിഞ്ഞ
അനാഥ വിഗ്രഹത്തിന് പിതൃത്വവുമായി
ഡി.എൻ.എ. ടെസ്റ്റിന്
ക്ലിനിക്കിൽനിരയാണ്.
ഞാനിനി മുഖംമൂടി പിഴുതെറിയട്ടെ
പുതിയ പാഥേയങ്ങളാണെന്റെ മുമ്പിൽ
നിങ്ങളെ അമ്മമാരെ
പേപ്പട്ടി പോലെ പുറത്താക്കാൻ
സദനങ്ങളുമായെത്തിയത്
ഞാനായിരുന്നു
അച്ഛൻ അവസാനമായി
ദാഹജലത്തിന് കേഴുമ്പോൾ
ഞാനായിരുന്നുവല്ലോ നിങ്ങളെ
ക്രിക്കറ്റ് പിച്ചിലേക്ക് ക്ഷണിച്ചത്
ചീഞ്ഞു നാറിയ
സഹോദരിമാരുടെ
ശവത്തിനരികെ നിന്ന്
റോപ്പ് ഡാൻസിന് ചുവടു വെക്കുമ്പോൾ
കണ്ണുനീരിൽ ചാലിച്ച
പിച്ചപ്പാത്രവുമായി
വിരഹത്തിൻ നെടുവീർപ്പുകളിൽ
പെൺമക്കളെയോർത്ത്
നാണയം കിലുക്കിക്കിയ വയോധിക്കർക്കു
നേരെ
ആദർശം പ്രസംഗിച്ച ഞാനിന്ന്
തെരുവുകളിലുയരുന്ന
പച്ചമാംസത്തിൻ ദുർഗന്ധങ്ങളിൽ
മെല്ലെ തലകുനിക്കുകയാണ്
ആരൊക്കൊയോ
നരച്ച പ്രണയത്തെ കുറിച്ചിപ്പോഴും
ഹീറോ ഹോണ്ടയിൽ നിന്ന്
കിന്നാരം പറയുന്നു
എന്റെ കൺമുമ്പിലിന്ന്
ഡയോജനിസ്റ്റ് പന്തവുമേന്തി
പുതിയ പാഥേയങ്ങൾ തീർക്കുന്നു
ശ്രവണങ്ങൾ ഉയരുന്നത്
സോഫോക്ലീസിന്റെ മന്ത്രധ്വനികൾ
എന്റെ പാദങ്ങൾക്ക് പ്രസരിപ്പുമായി
യൂലീസസിന്റെ അനർഘ യാത്ര
നീയെന്തിന്
മുഖം തിരിക്കുന്നു
ക്രിക്കറ്റ് മേച്ചിന് സമയമായോ?
നിസ്സഹായനാണു ഞാനിന്ന്
ഞാൻ തീർത്ത മണിമേടകങ്ങൾ
നിങ്ങളെ അധരങ്ങളിലുയരും
പുകച്ചുരുളുകളിൽ
തകർന്നടിയട്ടെയെന്ന്
പ്രത്യാശപുർവ്വം പ്രാർത്ഥിക്കുകയാണ്.



# ഒക്ടോവിയോ പാസിനൊരു മറുപടി



ഋഥിക് റോഷൻമാരും ഐശ്വര്യാറായിമാരും
പാറിനടക്കുന്ന
നമ്മുടെ കാമ്പസുകളിൽ
ഒക്ടോവിയോ പാസിന്റെ
വാക്കുകൾ
ഇങ്ങനെ മാറ്റി വായിക്കാം
പ്രണയം ഒരു
അഡ്ജസ്റ്റ്മെന്റോ
കോംപ്രമൈസോ
ആണ്
രണ്ടുപേർ ചുംബിക്കുമ്പോൾ
ലോകത്തിനൊരു ചുക്കും
സംഭവിക്കുന്നില്ല
(ലിപ്സ്റ്റിക് പടരുന്നതല്ലാതെ)


**ഷിനോജ്. എം. വി**

**ഒന്നാം വർഷ ബി.എസ്.സി, കെമിസ്ട്രി**

# ഓടയിൽ നിന്നും........


ഷിഹാന.എ.പി.

ഒന്നാം വർഷ ബിഎ. സോഷ്യോളജി

തെരുവോരങ്ങളിലെ ഓടകൾക്കിടയിൽ
തളയ്ക്കപ്പെട്ട ജന്മങ്ങൾ
ഇനിയെങ്ങോട്ടെന്നറിയാതെ യാത്ര തുടരവേ,
പൊഴിഞ്ഞുപോകുന്ന എത്ര ജന്മങ്ങൾ.

ആരിലോ ഉണ്ടായ കൈപ്പിഴവുകളിൽ,
അനാഥരായ കുരുന്നുകൾ
ശത്രുവിനാൽ ക്രൂശിക്കപ്പെട്ടതും
മിത്രത്തിനാൽ വേർപിരിക്കപ്പെട്ടതുമായ ജന്മങ്ങൾ.

എരിയുന്നയാ വയറ്റിൻ തീ അണയ്ക്കുവാൻ,
യാചനമാം കുഞ്ഞുകരങ്ങൾ.
തട്ടിത്തെറിപ്പിക്കുന്നു അജ്ഞാതമാം മുഖങ്ങളവയെ,
വലിച്ചിഴക്കപ്പെടുന്നു കുഞ്ഞുപാദങ്ങൾ.



കളങ്കമെന്നറിയാതെ തിരിഞ്ഞു നടക്കവെ-
നോവിക്കുന്ന ശാപവാക്കുകൾ.
ശാപമേൽക്കുകില്ലെങ്കിലും എരിയുന്നയാ വാക്കുകൾ,
ഒട്ടിപ്പിടിക്കുന്നുവാ പിഞ്ചുമനസ്സിൽ.

എല്ലാമൊരു തേങ്ങലായ് തങ്ങിനിൽക്കവെ
വീണ്ടും പിൻതുടരുന്നയാ ഓർമ്മകൾ.
ആരിലെ ബാക്കിപാത്രമെന്നറിയാതെ,
അലയുന്നുവാ കുഞ്ഞു ശിഖരങ്ങൾ.

സാന്ത്വനപ്പെടുത്തുവാനാകുമോ....?
വരൾച്ചയാമാ പുൽമേടുകളെ.
തിരിച്ചെടുക്കുവാനാകുമോ മരുപ്പച്ചകളാക്കിയവയെ....?
അവയിലുമില്ലേ അനന്തമാം സ്വപ്നങ്ങൾ.

എന്തിനീ ജന്മം നൽകി ശപിച്ചു,
നീയാ ഏകാന്തമാം രാപ്പാടികളെ.
ഇനിയും നിനക്ക് കഴിയില്ലേ,
ആ ദുഃഖപാത്രത്തിൽ നിന്നവയെ മോചിപ്പിക്കാൻ.

# ഒരു പ്രണയത്തിന്റെ യാത്രാമൊഴി

അനു പിപി

ഒന്നാം വർഷ പ്രിഡിഗ്രി

സത്യവുമസത്യവും തമ്മിലെ,

അന്തരത്തിൽ പരിമാണം

വിളിച്ചോതി, അവൾ വാചാലയായി.

രാവിൻ വെളുത്ത പുഷ്പങ്ങൾക്ക്,

പ്രണയലേഖനമെഴുതിയ തൂലിക

സ്വപ്നങ്ങൾ, അഗ്നിയിൽ ചിതറി

ബോധമനസ്സിനെ, ജനുസ്സിനപ്പുറത്തേയ്ക്ക്,

വേവുന്ന ഹിമവും, തണുത്തുറഞ്ഞ മരുപ്പച്ചയും

സ്വപ്നാടകരായപ്പോൾ

ആത്മാവിൻ ഇന്ദ്രിയങ്ങൾക്കിടയിൽ

ഒളിച്ചോടാനാവാത്ത നിസ്സഹായത

വായിച്ചെടുക്കാനാവാത്ത

എത്രയോ വാക്കുകൾ!

ഭൂമിയുടെ അസ്ഥിപഞ്ജരത്തിൽ,

പൗർണമി നിലാവുടയ്ക്കാൻ,

പിറവിയെടുത്തവന്റെ സ്വരം.

മരണത്തിന്റെ, വളർച്ചയെത്തിയ

ശിശുവിന്, അക്ഷയപാത്രം

സമ്മാനിച്ച, അഗ്നിശലക്കമേ, മാപ്പ്!



പൊതിച്ചോറുപോലും, നിന്റെ-

ശൂന്യതയിൽ തലകുനിച്ചപ്പോൾ

മരവിച്ച തണലുകൾക്ക് കൈവല്യം

ഉൾത്തുരുമ്പിന്റെ കാലഹീനമായ യാത്ര.

# ഒറ്റപ്പെട്ടവന്റെ രാത്രി

ഷംസുദ്ദീൻ. പി.

മൂന്നാം വർഷ മലയാളം



ഒറ്റപ്പെട്ടവന്റെ മുറിയിൽ നിന്നും
ഒരു പ്രാവ് പറക്കുന്നു.........
ഇടുങ്ങിയ ജാലക അഴികളിൽ
ഇരുട്ടും രക്തവുമിറ്റു വീഴുന്നു
അവന്റെ കണ്ണിലെ അവസാനതുള്ളി
വെളിച്ചവും
വഴിതെറ്റിവന്നവന് ദാനം ചെയ്യുന്നു.
സ്വപ്നത്തിലെ മുന്തിരിത്തോപ്പും
ഒരുതുണ്ട് പച്ചമാംസവും
രാത്രിയുടെ വിശാലതയെ പൊള്ളിക്കുന്നു.....
ഒറ്റപ്പെട്ടവൻ
മഴനാരിൽ ഊഞ്ഞാൽ കെട്ടുന്നു.......
നിറനിലാവ് കുടിച്ച് ഉന്മത്തനാകുന്നു.......
കൊടുങ്കാറ്റിന്റെ കിതപ്പിൽ

കാത്തിരിക്കുമെന്ന് പറഞ്ഞവൾക്ക്-

സന്ദേശമയക്കുന്നു..........

ഒറ്റപ്പെട്ടവൻ ചില നേരങ്ങളിൽ

കാമുകൻ........

കവി...........

ഭ്രാന്തൻ.........

സങ്കീർണ്ണതയുടെ ചിലന്തിവലയിൽ

ശ്വാസം മുട്ടുമ്പോൾ

സന്ന്യാസി...........

ഒറ്റപ്പെട്ടവന്റെ തിരിച്ചറിവിന്

പാറയേക്കാൾ ഉറപ്പാണ്

അഗ്നിയേക്കാൾ തെളിച്ചമാണ്.

ഒടുവിലത്തെ രാത്രിയിൽ

റെറ്റിനയിൽ തെളിയുന്ന

അവസാന കാഴ്ചയിൽ

ഒറ്റപ്പെട്ടവൻ ഇങ്ങനെ വായിക്കുന്നു......

കാഴ്ചകളും സ്വപ്നങ്ങളും

ഘനീഭവിച്ച്-

ഇരുണ്ട ഗർത്തങ്ങളിൽ

സ്ഫുടം ചെയ്യപ്പെടുമ്പോഴാണ്

മുറിയും മുറിവുമുണ്ടാകുന്നത്......


അർത്ഥങ്ങളും ഉത്തരങ്ങളും

ദാനം ചെയ്യുമ്പോഴാണ്

ഒരാൾ ഒറ്റപ്പെടുന്നത്

# പെയ്തൊഴിയാതെ

സ്നേഹസാന്ത്വനനീഹാരബിന്ദുപോൽ
ഉതിരുന്നു രാത്രിമഴ പെയ്തൊഴിഞ്ഞീടാതെ
നൊമ്പരപ്പൂക്കൾതൻ മാല്യവുമേന്തി ഞാൻ
സുന്ദരസ്വപ്നത്തിൻ വെൺമേഘമേറുന്നു,
ഓർമ്മതൻ ചെപ്പിലെ കുങ്കുമപ്പൂക്കളും
മാനസതാരിലെ പുഞ്ചിരിപ്പൂക്കളും
പെയ്തൊഴിയാത്തൊരീയാതങ്കപുഷ്ടിയിൽ
നോക്കെത്താദൂരത്ത് പോയ്മറഞ്ഞു.
നീഹാരന്തൽപാലമേറി ഞാനിന്നുമീ
ജീവിതപാതയിൽ മുന്നേറവേ..
ശാന്തിതൻ വല്ലകിയെത്തേടിയുഴലവേ
വീണ്ടുമെത്തീടുന്നു പെയ്തൊഴിയാ മാരി
ആരെയോ തേടുന്നു മിഴിയിണകൾ
അടയുന്നു ക്ഷീണത്തിൻ ജ്വാലകളാൽ
പെയ്തൊഴിയാത്തൊരീ ശോകപുഷ്ടി
ഒഴുകുന്നനന്തമാം സാഗരം പോൽ
ശുഭയാത്ര നേരുന്നു കൈകൾ വീശി
ഒഴുകുന്നൊരെൻ സഖി ഭാഗീരഥി
അണയുന്നു മാനസദീപാനാളം
പെയ്തൊഴിയാത്തൊരീ മാരിമൂലം




ധന്യ. എം. ഒന്നാംവർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്

# പ്രണയം

ഹാരിസ്. കെ.എം.

ഒന്നാം വർഷ ബി.എസ്.സി



പ്രിയ പക്ഷിശാസ്ത്രജ്ഞാ
രാത്രികളിൽ
കുളിരിൻ കൂടുകളിൽ
ഉറങ്ങാതെ
ഒന്നുമാത്രം നിനച്ചിരിക്കുന്ന
കിളികളുണ്ടാവുമോ?...
"കതിർമാലതീർത്ത
മേലാപ്പ്
പുതച്ചുറങ്ങാൻ
നീയും കൂടെയുണ്ടായിരുന്നാൽ.
പഴുത്തിട്ടും പഴുത്തിട്ടും
വെളുത്തചാറ്
ഒലിപ്പിച്ചു ചിരിയ്ക്കുന്ന
ആ പഴം
എനിയ്ക്ക്വേണ്ടി
നീ
കൊണ്ടുവരുമോ?
നിന്റെ ചിറകുകളിൽ
ഇന്നലെ കണ്ട
പുതുമിനുപ്പ്
തനിയെ വന്നതുതന്നെയാണ്
ഇല്ലെങ്കിൽ
ഞാൻ മുത്തിയില്ലെങ്കിൽ
നിന്റെ ചിറക്
മിനുക്കുവതെങ്ങനെ?....
ഇപ്പോൾ
മിഴിപറിക്കാതെ
നീയും
നിലാവിൽ
കരയുകയാണോ?



# Riches and Consolidation

Haris.
Ist B.A. English

Born on the earth without any consent, gone the years of childhood innocent. Known the bliss of life and riches adjacent, Ran for the wealth with the mind consistent.

Toiling the mind day and night
Soiling the body without any hate
Healing for the other things never,
Yelling for the money ever.

Money I got at least, the means of any thing,
Many did surround me at once to seek something,
Money awarded the body comforts of everything.
Money did fail the mind its need of only one thing
The Consolidation....

Oh! East to west south to north,
On the awful length and breadth,
Obtainable no-where on the earth,
Consolidation for money ever in dearth.


Myself known in life often ripe,
Consolidation is not at all in wealth's grip,
Exquisite voice remarked "Contented life ever brings peace in life".

# ശേഷിപ്പ്

റജുല.വി.വി.
രണ്ടാം വർഷ എം.എ. ഇംഗ്ലീഷ്

കലർപ്പിൽ തിണർപ്പ്
സത്യത്തിന്റെ മുഖം ചുളിക്കുന്നു:
മധുരം പോലും ചവർക്കുന്ന
പരിണാമം.
അതിർവരമ്പുകളിൽ
പിടഞ്ഞുമരിക്കുന്ന
ചിരിയിൽ
ചിതലരിക്കുന്നത്
ബാക്കിവന്ന
ഹൃദയത്തിന്റെ തണുത്ത പുണ്യം.
നിഷ്ക്കളങ്കത ഊതിപ്പറത്തുന്നത്
സ്വപ്നങ്ങൾ തീർത്ത
അപ്പൂപ്പൻതാടികൾ.
ലക്ഷ്യങ്ങളുടെ മുനയൊടിയുന്നത്
പാതിവഴിക്കേ
പതറിനോക്കുന്ന
പതിതജന്മങ്ങൾ
ഭൂമിക്കുമാകാശത്തിനും
വേലികെട്ടുമ്പോൾ

നഷ്ടമാകുന്ന-
തായിരം സൗവർണ്ണശോഭകൾ,
സ്വപ്നങ്ങൾ തളച്ചിട്ട
സ്വാതന്ത്ര്യം.
വിശന്നുമരിക്കും
നിറങ്ങളില്ലാ നിഴലുകൾ
നിരന്ന നിഴൽക്കൂട്ടത്തിൽ
'വിശപ്പി' നടിയിൽ
വിസ്മൃതിയുടെ ശവക്കുഴിപൂകുന്നു.
ഉരുളുന്ന വണ്ടിയുടെ ഗതിയറിയാത്ത
പാവം യാത്രക്കാർ
വഴിയോരക്കാഴ്ചകളിൽ
ബോധം തളയ്ക്കുന്നു.
ഒന്നും കാണാതെ
ഒന്നും കേൾക്കാതെ
ഒടുവിൽ
പിണങ്ങളുടെ
തിരുശേഷിപ്പ്.



# തിരിച്ചുപോക്ക്


പ്രദീപ് കുമാർ എം.

ഒന്നാം വർഷ എംകോം


നമുക്ക് തിരിച്ചു നടക്കാം

അന്ധകാരം നിറഞ്ഞ

ഭൂതത്തിലേക്ക്

ഗ്രാൻമകൾ മറക്കുക

ഹിഗുവേറാസുകൾ തകർക്കുക

രക്തസാക്ഷിപ്പടങ്ങൾ

പറിച്ചു -ചുരുട്ടി-ദൂരെക്കളയുക

ദാർശനികരുടെ

ചിത്രങ്ങൾ

എറിഞ്ഞുടയ്ക്കുക

മോഹത്തകർച്ചയുടെ

നനഞ്ഞകാറ്റ്

വാരിപ്പുതയ്ക്കുക

നമുക്കായി നരച്ച ആകാശം

പരുക്കൻ ജീൻസ്, തോക്ക്, തൊപ്പി.......

അരയിലെ തോക്കുകളാവട്ടെ

നമ്മുടെ നാവുകൾ

വരണ്ട മനസ്സുകളിൽ

തീക്കാറ്റു വീശട്ടെ....

മുഖങ്ങളിൽ

ഉറവ വറ്റിയ നദിയുടെ

ക്രൗര്യം പേറുക,

നിനവുകളിൽ

മരുഭൂമികളും......

*ഗ്രാൻമ: 'ചെ' യുടെ ചെറുബോട്ട്, ഹിഗുവേറാസ്: 'ചെ' യുടെ സ്മാരകം*

# വാതായനങ്ങൾ

നിസാർ.പി

**ഒന്നാം വർഷ മലയാളം**

ജീവിതത്തിന്റെ ഇരുണ്ട ഇടനാഴികകളിൽ
ഭൂതകാലത്തിന്റെ കള്ളറകളിൽ
നിലാവും വളപ്പൊട്ടുമായി അവൾ
ആവേശബീജങ്ങളായി
വാചാലമായ മൗനം..........

സ്വാർത്ഥതയുടെയൊ
ഭയത്തിന്റെയൊ
പുറംതോട് പൊട്ടിച്ച്
വിരിഞ്ഞുവരാൻ
അവളുടെ വാക്കുകൾക്ക്
ഒരിക്കലും സാധിച്ചില്ല
അവൾ മൗനത്തിന്റെ
വെള്ളാരം കല്ലുകൾപെറുക്കി
നിരത്തിവെയ്ക്കുക മാത്രം ചെയ്തു.

നേർത്ത നിലാവെളിച്ചത്തിൽമാത്രം
തിരിച്ചറിയാൻ കഴിയുന്ന
കണ്ണിലെ ഇരുട്ടുമായവൾ
ആഘാതങ്ങളുടെ ദന്തക്ഷതങ്ങളിൽ
ചോരവാർന്നപ്പോഴും
സൂര്യസാന്നിദ്ധ്യമായി അവൾ....



നുണയുടെ അടയാഭരണങ്ങൾ
അഴിച്ച് നഗ്നനാവുമ്പോൾ മാത്രം
പ്രപഞ്ചത്തിലെ അവളുടെ സ്ഥാന
ഞാൻ തിരിച്ചറിഞ്ഞു

അവ
അറിവിന്റെ വന്ധ്യബീജങ്ങ
മനസ്സിൽ കുത്തിനിറക്കുന്
അദ്ധ്യാപികയോ
അനന്തതയിൽ വിലയിക്കുന്
ജീവന്റെ കണികക
ബലാൽക്കാരമായി തിരിച്ചേൽപ്പിക്കുന്
ഡോക്ടറോ
നിമിഷസ്നേഹ
വിലക്കുവില്ക്കുന്ന വേശ്യയോ
ആരോ ആവട്ടെ.....
വേനലിന്റെ കണ്ണിൽ നനവൂറി
തൃസന്ധ്യക്ക
വെളിച്ചപ്പാടുപോലെ അവളുടെ
കണ്ണിൽ
തെളിഞ്ഞ ഇരുട്ടിന്റെ പൊരു
എന്റെ മുന്നിൽ
വെളിച്ചത്തിന്റെ
വാതായനങ്ങൾ
തുറന്നിട്ടു